പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2692 28-10-2026-ൽ മറുപടിയ്ക്ക്

ജൽ ജീവൻ മിഷൻ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീമതി ഒ. എസ്. അംബിക	ശ്രീ. മോൻസ് ജോസഫ് (ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ജൽ ജീവൻ മിഷൻ പദ്ധതികളുടെ നടത്തിപ്പിൽ, നേരത്തെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് ലെറ്റർ ഓഫ് അക്സെപ്റ്റൻസ് അനുവദിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, അതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്നും പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്

16/08/2024 നു ശേഷം പ്രവർത്തികൾ അവാർഡ് ചെയ്യരുതെന്ന് നാഷണൽ ജലജീവൻ മിഷൻ (NJJM) നിർദ്ദേശം നൽകിയ സാഹചര്യത്തിൽ പ്രവർത്തികൾ അവാർഡ് ചെയ്യാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ തീയതികളിൽ NJJM ന് കത്തുകൾ നൽകിയിരുന്നു. ജെ.ജെ.എം 2.0 എക്സ്റ്റൻഷൻ ഉത്തരവ് ലഭിച്ചശേഷം ടി വിഷയം പരിഗണിക്കുവാൻ പത്താമത് SWSM അപെക്സ് കമ്മിറ്റി തീരുമാനിച്ചത് പ്രകാരം ജെ.ജെ.എം 2.0 എക്സ്റ്റൻഷൻ ഉത്തരവ് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചതിനു ശേഷം കൂടിയ പതിനൊന്നാമത് SWSM അപെക്സ് കമ്മിറ്റി തീരുമാനം അനുസരിച്ച് പദ്ധതികൾ വിജയകരമായി പൂർത്തിയാക്കുന്നതിനും നിക്ഷേപങ്ങൾ പാഴാകാതിരിക്കുന്നതിനുമായി, ബാക്കി നിൽക്കുന്ന പ്രവൃത്തികൾ അവാർഡ് ചെയ്യാൻ പ്രത്യേക അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് നാഷണൽ ജല ജീവൻ മിഷൻ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

(ബി) 2026 ഒക്ടോബർ 12-ന് നാഷണൽ ജൽ ജീവൻ മിഷൻ ഡയറക്ടറുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ, നേരത്തെ ടെൻഡർ ചെയ്ത പ്രവൃത്തികളുടെ ശേഷിക്കുന്ന പ്രവർത്തനങ്ങൾക്ക് എൽ.ഒ.എ. അനുവദിക്കുന്നതിന് തടസ്സമില്ലെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ലെറ്റർ ഓഫ് അക്സെപ്റ്റൻസ് അനുവദിക്കുന്നതിനും പ്രവൃത്തികൾ ആരംഭിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

മറുപടി: നാഷണൽ ജലജീവൻ മിഷൻ ഡയറക്ടറുടെ അധ്യക്ഷതയിൽ 2026 ഒക്ടോബർ 12-ന് ചേർന്ന യോഗത്തിൽ, നേരത്തെ ടെൻഡർ ചെയ്ത പ്രവൃത്തികളുടെ ശേഷിക്കുന്ന പ്രവർത്തനങ്ങൾക്ക് എൽ.ഒ.എ. (LoA) അനുവദിക്കുന്നതിന് തടസ്സമില്ലെന്ന് അറിയിച്ചിട്ടില്ല. JJM 2.0 വിവിധ ലക്ഷ്യങ്ങളുടെ ഡിവിഷൻ തിരിച്ചുള്ള പുരോഗതി വിലയിരുത്താനാണ് പ്രധാനമായും ഈ യോഗം ചേർന്നത്.

എൽ.ഒ.എ. അനുവദിക്കുന്നതിന് അനുമതി തേടി സംസ്ഥാന സർക്കാർ നൽകിയ പ്രൊപോസൽ നിലവിൽ നാഷണൽ ജലജീവൻ മിഷന്റെ (NJJM) പരിഗണനയിലാണ്. നാഷണൽ ജലജീവൻമിഷനിൽ നിന്നും അനുകൂലമായ തീരുമാനം ലഭിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

(സി) ജൽ ജീവൻ മിഷന്റെ കാലാവധി 2028 ഡിസംബർ വരെ നീട്ടിയ സാഹചര്യത്തിൽ, സംസ്ഥാനത്ത് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർ തയ്യാറാക്കിയിട്ടുള്ള പ്രവർത്തനപദ്ധതി എന്താണെന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ച് പൂർത്തിയാക്കേണ്ട പ്രവൃത്തികൾ, ആവശ്യമായ സാമ്പത്തിക വിഹിതം, സമയക്രമം എന്നിവ നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: മിഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഇതുവരെ സൃഷ്ടിച്ച ആസ്തികൾ വേഗത്തിൽ പ്രയോജനപ്പെടുത്തുന്നതിനുമായി, ശേഷിക്കുന്ന പുരോഗമിക്കുന്നതും ഇതുവരെ ആരംഭിക്കാത്തതുമായ പ്രവൃത്തികൾ താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന ക്രമത്തിൽ ക്രമീകരിച്ചിട്ടുണ്ട്.

- നിലവിൽ പൂർത്തിയാക്കിയ പ്രവർത്തികളിൽ നിന്ന് പരമാവധി കണക്ഷൻ നൽകുക.
- പ്രധാന ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയാക്കി എല്ലാ HTC-കളും പ്രവർത്തനക്ഷമമാക്കുക.
- പരമാവധി FHTC നൽകാനും പരമാവധി വരുമാനം സൃഷ്ടിക്കാനും കഴിയുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകുക.
- ഫീൽഡിലെ അവസ്ഥയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് മുൻഗണനാ നിലകൾ പരിഷ്കരിച്ച് പ്രവർത്തികൾ പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യത്തിലെത്തിക്കുക.

പൂർത്തിയാക്കേണ്ട പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ജൽ ജീവൻ മിഷൻ പൂർണമായി നടപ്പിലാക്കുന്നതിനുള്ള ആകെ ഭരണാനുമതി തുകയായ 44,714.79 കോടി രൂപയിൽ ഇതുവരെ 18640.62 കോടി രൂപ

ചിലവഴിച്ചിട്ടുണ്ട്.പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 26,074.17 കോടി രൂപ ആവശ്യമാണ്.

ഫണ്ട് ലഭ്യതക്ക് അനുസരിച്ചു 2028 ഡിസംബറോടു കൂടി എല്ലാ പ്രവർത്തികളും പൂർത്തിയാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതികൾ പൂർണ്ണമായി പൂർത്തീകരിക്കുന്നതിന് ഇനി എത്ര കോടി രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ, കേന്ദ്ര-സംസ്ഥാന വിഹിതം, നബാർഡ് വായ്പ, മറ്റ് സാമ്പത്തിക സ്രോതസ്സുകൾ എന്നിവയിലൂടെ ഈ തുക കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതികൾ പൂർണ്ണമായി പൂർത്തീകരിക്കുന്നതിന് 26,074.17 കോടി രൂപ ആവശ്യമാണ്.

കേന്ദ്ര-സംസ്ഥാന വിഹിതങ്ങളായി ഇതുവരെ ആകെ 18,643.59 കോടി രൂപ ലഭിക്കുകയും അതിൽ 18,640.62 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

തിരിച്ചടവ് ബാധ്യതകൾ നിറവേറ്റുന്നതിൽ കുറവ് വന്നാൽ സർക്കാർ പലിശരഹിത ബ്രിഡ്ജ് വായ്പ നൽകാമെന്ന വ്യവസ്ഥയിൽ JJM സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായി NABARD - ൽ നിന്ന് 9,000 കോടി വായ്പ എടുക്കാൻ കേരള വാട്ടർ അതോറിറ്റിയ്ക്ക് സർക്കാർ തത്വത്തിൽ അനുമതി നൽകിയത് പ്രകാരം 04.11.2025 തീയതിയിലെ അനുമതിപത്ര പ്രകാരം ₹5,000 കോടി NABARD ൽ നിന്നും അനുവദിച്ചിരുന്നു. 26.03.2026 - ലെ അനുമതിപത്ര പ്രകാരം അനുവദിച്ച 4,000 കോടി അധിക വായ്പയിൽ ആദ്യ ഗഡു ആയി അനുവദിച്ച ₹2,000 കോടി ഉൾപ്പെടെ ആകെ 7000 കോടി രൂപ വായ്പയായി ഇത് വരെ ലഭിച്ചിട്ടുണ്ട്.പ്രസ്തുത തുക പൂർണമായും സംസ്ഥാന വിഹിതം ആയി വിനിയോഗിച്ചിട്ടുണ്ട്.

(ഇ) ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടും ലെറ്റർ ഓഫ് അക്സെപ്റ്റൻസ് അനുവദിക്കാത്തതുമൂലം പ്രവൃത്തികൾ വൈകുന്നതും കരാർ തുക വർദ്ധിക്കുന്നതും പൊതുജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നത് തടസ്സപ്പെടുന്നതും ഒഴിവാക്കാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നൽകി സമയബന്ധിതമായി പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മറുപടി: എൽ.ഒ.എ. അനുവദിക്കുന്നതിന് അനുമതി തേടി സംസ്ഥാന സർക്കാർ നൽകിയ പ്രൊപ്പോസൽ നിലവിൽ നാഷണൽ ജലജീവൻ മിഷന്റെ (NJJM) പരിഗണനയിലാണ്.നാഷണൽ ജലജീവൻമിഷനിൽ നിന്നും അനുകൂലമായ തീരുമാനം ലഭിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ

Annexure

വർക്ക്പാക്കേജുകളുടെ ജില്ലാതല പുരോഗതി

ക്രമ. നം.	ജില്ല	വർക്ക്പാക്കേജ്			
		ആകെ	പൂർത്തിയായത്	പുരോഗമിക്കുന്നവ	ടെണ്ടർ/അവാർഡ്ചെയ്യാനുള്ളത്
	ആകെ	**5546**	**3458**	**1490**	**598**
1	TVPM	907	719	140	48
2	KLM	414	260	77	77
3	PTA	324	192	73	59
4	KTM	331	178	119	34
5	ALP	206	127	51	28
6	IDK	277	131	86	60
7	EKM	487	359	78	50
8	TSR	756	524	177	55
9	PKD	478	282	104	92
10	MLPM	487	252	186	49
11	KKD	370	180	168	22
12	WYND	75	28	37	10
13	KNR	266	154	106	6
14	KSGD	168	72	88	8